(ഡി) ഇത്തരം ഭൂമി എപ്പോൾ നൽകാനാവുമെന്ന് അറിയിക്കാമോ ;

(ഇ) വെള്ളം കയറുന്നതുമൂലം ഒഴിഞ്ഞുപോകുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഇ) ചോദ്യം ഉദിക്കുന്നില്ല.

നിറുത്തലാക്കിയ കെ. ഐ. പി. ഓഫിസുകളുടെ ഭാവി ഉപയോഗം

68 (960) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓഫീസ് പ്രവർത്തനം നിറുത്തലാക്കിയ കെ. ഐ. പി. വക കെട്ടിടങ്ങളിൽ പ്രസ്തുത പ്രദേശത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ പ്രവൃത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഈ ആവശ്യത്തിനായി ബന്ധപ്പെട്ട വകുപ്പുകൾ സമീപിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ ചാലിയാർ പദ്ധതി

69 (961) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ചാലിയാർ പദ്ധതി ഭേദഗതികളോടെ നടപ്പാക്കുന്ന കാര്യം വിശദീകരിക്കാമോ ;

(ബി) മുമ്പ് ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ കാരണമെന്തായിരുന്നു ;

(സി) പുതിയ പദ്ധതിയുടെ സാദ്ധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) ഈ പദ്ധതിയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 17-7-2001-ൽ ബഹു.ജലസേചന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ചാലിയാർ പദ്ധതി അവലോകന യോഗത്തിൽ ചാലിയാർപുഴയിൽ നിലവിലുള്ള ഡാറ്റാ ഉപയോഗിച്ച് ചെറുകിട ജലസേചന പദ്ധതികൾ ആസൂത്രണം ചെയ്യാൻ തീരുമാനിച്ചു. അതിൻപ്രകാരം താഴെപ്പറയുന്ന ചെറുകിട പദ്ധതികൾ തെരഞ്ഞെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly